# അമ്പൂരി സി. ഡി. എസ്

## കൊറോണ സംബന്ധമായ പ്രവർത്തനങ്ങൾ

ഗായത്രി എ എൽ ( ബ്ലോക്ക് കോർഡിനേറ്റർ ) - 7034001843
ഷീബ ഫൈസൽ (സി ഡി എ സ് ചെയർ പേഴ്സൺ ) - 97461 49125

# ആമുഖം

കേരളത്തിലെ സംരക്ഷിത മേഖലയിൽ ഉൾപ്പെടുത്തിയ അഗസ്ത്യാർകൂട മലനിരകളുടെ സാന്നിധ്യംകൊണ്ട് പ്രകൃതിരമണീയമായ ഗ്രാമമാണ് അമ്പൂരി. അമ്പൂരി സീ ഡി എസ് ൽ 232 അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ 15 ബാല സഭകളും 35 ജെ എൽ ജി കളും 33 ചെറുകിട സംരംഭ യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഈ കൊറോണ കാലത്തു വിവിധ മേഖലകളുമായി സംയോജിച്ച് കുടുംബശ്രീ പ്രവർത്തകർ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. സന്നദ്ധ സേവന പ്രവർത്തനങ്ങളിൽ നിരവധി കുടുംബശ്രീ വനിതകൾ കർമ്മനിരതരായി പ്രവർത്തിക്കുന്നു. വീടുകൾതോറും കോവിഡ്ക്കാല ജാഗ്രത പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടുംബശ്രീ വനിതകൾ കോവിഡ് കാലത്ത് മൈക്രോ ഗ്രീൻ അടുക്കളത്തോട്ടം എന്നിവ നല്ല രീതിയിൽ ചെയ്തു വരുന്നു

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- വാട്സ്ആപ് ഗ്രൂപ്പുകളിലൂടെയുള്ള പ്രവർത്തനങ്ങൾ :-

ലോക്ക് ഡൌൺ കാലത്തിൽ അയൽക്കൂട്ട അംഗങ്ങളുടെ വാട്സപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും ജില്ലാമിഷൻ നൽകുന്ന ശരിയായ അറിയിപ്പുകൾ യഥാസമയം ജനങ്ങളിൽ എത്തിക്കാനും കഴിഞ്ഞു. കൂടാതെ അയൽക്കൂട്ട അംഗങ്ങൾക്കായി വാട്സപ്പ് ഗ്രൂപ്പ് വഴി പലതരം മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. കൊറോണയുമായി ബന്ധപ്പെട്ട് അയൽക്കൂട്ട തലം വരെയുള്ള വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം നടത്തുകയുണ്ടായി. സിഡിഎസ് അംഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു വാർഡ്തല വാട്സപ്പ് ഗ്രൂപ്പും 13 എ ഡി എസ് വാട്സ്ആപ്പ് ഗ്രൂപ്പും 232 ആൾക്കൂട്ടങ്ങൾ ഉൾപ്പെടുന്ന വാട്സ്ആപ്പ് ഗ്രൂപ്പും രൂപീകരിച്ചു. ഈ ഗ്രൂപ്പുകൾ വഴി ഫലപ്രദമായ രീതിയിൽ കൊറോണ കാലത്ത് അയൽക്കൂട്ട തലം വരെയുള്ള അംഗങ്ങളുമായി ആശയവിനിമയം കൃത്യമായും സുതാര്യമായും നടത്തുവാൻ സാധിച്ചു

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- ത്രിതല സംഘടനയുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങൾ :-

കൊറോണ സമയത്തെ എല്ലാവിധ നിർദേശങ്ങൾ സമൂഹത്തിന്റെ താഴെ തട്ടിൽ വരെ എത്തിക്കുന്നതിന് കുടുംബശ്രീ സി ഡി എസ് ന്റെ പങ്കു നിർണായകമാണ്. ത്രിതല സംഘടന പ്രവർത്തനങ്ങൾക്ക് ഉറപ്പു നൽകി മുന്നോട്ട് കൊണ്ടു പോകുന്നതിനു കുടുംബശ്രീ സി ഡി എസ് മുന്നോട്ട് വന്നു. കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങളിൽ പഞ്ചായത്തുമായി സംയോജിച്ചു നല്ല പ്രവർത്തനങ്ങൾ കാഴ്ച്ച വച്ചു.

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- ലോക് ഡൗൺ കാലത്തെ ക്രിയാത്മക പ്രവർത്തനങ്ങൾ :-

പ്ലാസ്റ്റിക് ബോട്ടിൽ ശേഖരിച്ചു ബോട്ടിൽ ചിത്ര കലാവിരുതുകൾ സൃഷ്ടിച്ചും പ്ലാസ്റ്റിക് ബോട്ടിലുകളിൽ ചെടികൾ മനോഹരമായി നട്ടും അടുക്കള തോട്ടത്തിൽ പല തരം ചെടികൾ നട്ടു മുളപ്പിച്ചും പുത്തൻ ഭക്ഷണ വിഭവങ്ങൾ പരീക്ഷിച്ചും കല കായിക നൃത്ത അഭിരുചികൾ വികസിപ്പിച്ചും പുത്തൻ ആശയങ്ങൾ പങ്കു വച്ചും ക്രിയാത്മക പ്രവർത്തനങ്ങളിൽ ഓരോ അയൽക്കൂട്ട അംഗങ്ങളും മികവ് കാണിച്ചു

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- **വയോജനങ്ങൾക്കുള്ള പ്രത്യേക പ്രവർത്തനങ്ങൾ :-**

അഗതി രഹിത കേരളം ഉപഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് കൊറോണ കാലത്ത് ക്ഷേമാന്വേഷണം നടത്തുകയും അവർക്ക് ആവശ്യമുള്ള സഹായങ്ങൾ കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്നു.

- **ലോണുകൾ :-**

കോവിഡ് സമയത്ത് സാമ്പത്തികമായ ബുദ്ധിമുട്ടുകൾ അനുഭവിച്ച കുടുംബശ്രീ അംഗങ്ങൾക്ക് സർക്കാർ നിർദ്ദേശപ്രകാരം വായ്പ അനുവദിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചു.158 അയൽക്കൂട്ടങ്ങളിലായി 2354 അംഗങ്ങൾ ലോൺ നായി അപേക്ഷിച്ചു. ഇതിൽ 3 ഗ്രൂപ്പുകളിലെ 38 അംഗങ്ങൾക്കായി 2, 90, 000 രൂപ ലോൺ ആയി ലഭിച്ചു.




കുടപ്പനമൂട് SBI ബാങ്കിൽ നിന്നും അമ്പൂരി cds ലെ ഒരു അയൽക്കൂട്ടത്തിന് CMHLS ലോൺ നൽകുന്ന ചിത്രം

# കോവിഡ് കാലത്തെ സി.ഡി.എസ് പ്രവർത്തനങ്ങൾ

- **കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ :-**

കോവിഡ് സമയം കുട്ടികൾ കോവിഡ് രോഗത്തെ പ്രതിരോധിക്കുന്നതുമായി ബന്ധപെട്ടു കവിതകളും പോസ്റ്ററുകളും രൂപീകരിക്കുകയും അവ അയൽക്കൂട്ട ഗ്രൂപ്പുകളിൽ ആരെയും ആകര്ഷിക്കുന്നവയുമായി മാറി.

- **കാർഷിക സംബന്ധമായവ :-**

അയൽക്കൂട്ടം അംഗങ്ങൾ കൃഷിഭവൻ മുഖാന്തരം ലഭ്യമാക്കിയ വിത്തുകളും തൈകളും വീട്ടു മുറ്റത്തു നട്ടു മുളപ്പിച്ചും അവ വീഡിയോ ആക്കി അയൽക്കൂട്ട വാട്സപ് മത്സരങ്ങളിൽ പങ്കു ചേരുകയും ചെയ്തു

# ജനങ്ങൾക്കൊരു കൈത്താങ്ങായി

## - കമ്മ്യൂണിറ്റി കിച്ചൺ

അമ്പൂരി ഗ്രാമപഞ്ചായത്തിൽ സർക്കാർ നിർദേശപ്രകാരം അമ്പൂരി സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുകയും ഇതിൽ 366 പേരെ ഇതിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തു. പിന്നീട് അംഗങ്ങളുടെ എണ്ണം 460 വരെ ആവുകയും ചെയ്തു. ദിനം പ്രതി അഞ്ഞൂറിൽപരം ആൾക്കാർക്ക് കമ്മ്യൂണിറ്റി കിച്ചൻ മുഖാന്തരം ഭക്ഷണം എത്തിക്കുന്നതിനു വേണ്ടി സി ഡി എസും തദ്ദേശ ഭരണകൂടവും ചേർന്ന് പ്രവർത്തിച്ചു. അശരണർക്കും നിരാലംബർക്കും കോറന്റൈനിൽ കഴിയുന്നവർക്കും ഭക്ഷണം ആവശ്യപ്പെടുന്നവർക്കും ചെയ്ത എല്ലാ ഗ്രാമപഞ്ചായത്ത് നിവാസികൾക്കും വീടുകളിൽ ഭക്ഷണം എത്തിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തി ഭക്ഷണം എത്തിച്ചു കൊടുക്കുന്നതിനുള്ള മേൽനോട്ട ചുമതല വഹിച്ചിരുന്നത് പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷൻ ആയിട്ടുള്ള തെരഞ്ഞെടുത്ത മോണിറ്ററിങ് സമിതിയാണ്. ഭക്ഷണ വിതരണം നടത്തിയിരുന്ന സമയത്ത് ആ സമയം ബഹുമാനപ്പെട്ട എം എൽ എ സി കെ ഹരീന്ദ്രൻ അവർകൾ പ്രസ്തുത പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി തീരുമാനങ്ങൾ യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

# ജനങ്ങൾക്കൊരു കൈത്താങ്ങായി

## - കമ്മ്യൂണിറ്റി കിച്ചൺ






# ജനങ്ങൾക്കൊരു കൈത്താങ്ങായി

## - മാസ്ക് നിർമാണ വിതരണ പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങൾ മാസ്കുകൾ നിർമ്മിക്കുകയും അവ സൗജന്യമായി ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുകയും ചെയ്തു .

# വിവിധ വകുപ്പുകളുമായി യോജിച്ചുള്ള കോവിഡ് പ്രതിരോധം

- ആരോഗ്യം:-

    അമ്പൂരി പഞ്ചായത്ത് പി എച്ച് സി യുടെ മേൽനോട്ടത്തിൽ കുടുംബശ്രീ അംഗങ്ങളും ഹെൽത്ത് ഇൻസ്പെക്ടർമാരും, ആശാവർക്കർ, സാനിറ്റേഷൻ സമിതി അംഗങ്ങളും ചേർന്ന് വീടുകൾതോറും കോവിഡ് 19 അതിജീവിക്കുന്നതിനുവേണ്ടി വ്യക്തി ശുചിത്വം സാമൂഹ്യ അകലം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകുകയും ചെയ്തു

- പൊതുവിതരണം:

    റേഷൻ കട / സപ്ലൈ കോ മുഖാന്തരം ലഭ്യമാകുന്ന സാധനങ്ങൾ കൂട്ടം കൂടാതെ നിർദേശാനുസരണം എല്ലാ മുൻകരുതലോടു കൂടി ലഭ്യമാകുന്നുണ്ടോ എന്നും ഉറപ്പു വരുത്തി. റേഷൻ വിഹിതം ലഭിക്കുന്നതിൽ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നവരെ കണ്ടെത്തി സഹായിക്കുന്നതിലും ശ്രദ്ധ കൊടുത്തു

# ഒന്നിച്ചു പ്രവർത്തിക്കാം..
# ഭാവി ഭാസുരമാക്കാം..

## കോവിഡിന്റെ കാലത്ത് കുടുംബ ശ്രീ ഭാവി പ്രവർത്തങ്ങൾ :-

ലോക് ഡൌൺ കാലയളവിൽ നേരിടേണ്ടി വന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ചെറിയൊരു കൈസഹായം എന്നോണം ലോൺ കൾ  കുടുംബശ്രീ  അംഗങ്ങളിൽ എത്തിക്കേണ്ടതും സംരംഭകർക്ക് വേണ്ട സഹായങ്ങൾ ഉറപ്പുവരുത്തേണ്ടതുമുണ്ട്. വിവിധ സർക്കാർ ഏജൻസികളുടെ  സഹായ പദ്ധതികളെ കുറിച്ചുള്ള അവബോധം കുടുംബശ്രീ അംഗങ്ങൾക്ക് നൽകുകയും സർക്കാരിന്റെ ജീവനം 2020 പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ അംഗങ്ങളെകൊണ്ട് പച്ചക്കറി കൃഷി നടപ്പിലാക്കി ഭക്ഷ്യസുരക്ഷ  ഉറപ്പാകേണ്ടതുണ്ട്. പരിസര ശുചീകരണ പ്രവർത്തനങ്ങളിൽ അയൽക്കൂട്ട അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി സുരക്ഷ പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്

# നന്ദി